കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 86945/ഇഎം1/10/തസ്വഭവ തിരുവനന്തപുരം, തീയതി: 03/11/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 -ലെ പൊതുതിരഞ്ഞെടുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച തീയതിയിൽ പ്രതിജ്ഞയെടുക്കാൻ സാധിക്കാതെ വന്നത് - പുതിയ തീയതി നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന:-
1) 13-10-2010 -ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.
2) 21-10-2010 -ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.
3) നാദാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02-11-2010 -ലെ എ3- 4121/10 നമ്പർ കത്ത്.
4) ചെക്യാട് ഗ്രാമ പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തൊടുവയൽ മഹമൂദ്, ശ്രീമതി എ.കെ. സാബിറ ടീച്ചർ എന്നിവരുടെ 02-11-2010 -ലെ കത്തുകൾ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010-ലെ പൊതു തിരഞ്ഞെടുപ്പിനുശേഷം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) ഉം (2) ഉം പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതുപ്രകാരം 2010 -ലെ പൊതു തിരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ, കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 2010 നവംബർ 1-ാം തീയതി രാവിലെ 10.00 മണിക്കും കോഴിക്കോട് ജില്ലയുടെ കാര്യത്തിൽ അന്നേദിവസം 4.00 മണിക്കും നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു.

2) എന്നാൽ വ്യക്തിപരമായ ചില കാരണങ്ങളാൽ 2010 നവംബർ 1-ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ സാധിക്കാതെ വന്നതിനാൽ, മറ്റൊരു ദിവസം സത്യപ്രതിജ്ഞ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നും ചില പഞ്ചായത്തുകളിലെ, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സർക്കാരിനോടപേക്ഷിക്കുകയുണ്ടായി. ചില പഞ്ചായത്ത് സെക്രട്ടറിമാരും ഇക്കാര്യത്തിൽ സർക്കാരിനോട് സ്പഷ്ടീകരണം തേടുകയുണ്ടായി.

3) മേൽ സാഹചര്യത്തിൽ, 2010 -ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം, തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ, സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനായി സർക്കാർ നിശ്ചയിച്ചിരുന്ന 2010 നവംബർ 1-ാം തീയതിയിൽ, വ്യക്തിപരമായ കാരണങ്ങളാൽ

...2/

സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാൻ സാധിക്കാതെപോയ അംഗങ്ങളുടെ പ്രതിജ്ഞ 2010 നവംബർ 4-ാം തീയതി 3.00 PM -ന് നടത്താവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു. ഇവർ, പൊതു തിരഞ്ഞെടുപ്പിനുശേഷം പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ ആദ്യ യോഗം വിളിച്ചുകൂട്ടുന്നതിലേക്കായി യഥാക്രമം കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 152-ാം വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരവും, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 143-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും നാമനിർദ്ദേശം ചെയ്തിട്ടുള്ള പഞ്ചായത്ത് അംഗത്തിന്റെ മുൻപാകെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതാണ്. ഈ കാര്യത്തിൽ വരണാധികാരിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട മറ്റ് നടപടികൾ സൂചന(1) -ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

4) സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച സൂചന(1) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതായി കണക്കാക്കേണ്ടതാണ്.

ജി. അൽഫോൻസ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ